# വിധിയിലുള്ള വിശ്വാസം

| | |
|---|---|
| ഗ്രന്ഥകർത്താവ്: | ശൈഖ് സഅദ് ബിൻ നാസ്വിർ അശ്ശഥ്രി |
| ഗ്രന്ഥം: | ആറാഉസ്സൂഫിയ്യ ഫീ അർകാനിൽ ഈമാൻ |
| വിവർത്തകൻ: | ശമീർ മദീനി |

നന്മ–തിന്മകളായി ലോകത്ത് എന്തെല്ലാം നടക്കുന്നുണ്ടോ അവയെല്ലാം അല്ലാഹുവിന്റെ അറിവോടും തീരുമാനത്തോടും കൂടിയാണ് സംഭവിക്കുന്നത്. അതൊക്കെയും അല്ലാഹു 'ലൗഹുൽ മഹ്ഫൂളിൽ' രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവയെ സൃഷ്ടിച്ചതും അല്ലാഹുവാണ്. മുതലായ സംഗതികൾ ഈമാൻ കാര്യങ്ങളിലെ വിധിവിശ്വാസത്തിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു:

إِنَّا كُلَّ شَيْءٍ خَلَقْنَاهُ بِقَدَرٍ ﴿٤٩﴾

''തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു.'' (54:49)

ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ وَخَلَقَ كُلَّ شَىْءٍ فَقَدَّرَهُۥ تَقْدِيرًا ﴿٢﴾

''ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ആർക്കാണോ അവനത്രെ (അത് അവതരിപ്പിച്ചവൻ.) അവൻ സന്താനത്തെ സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന്ന് യാതൊരു പങ്കാളിയും ഉണ്ടായിട്ടുമില്ല. ഓരോവസ്തുവെയും അവൻ സൃഷ്ടിക്കുകയും, അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'' (25:2)

പക്ഷേ, മനുഷ്യർ കാര്യകാരണ ബന്ധങ്ങളെ സമീപിക്കുന്നതിന് ഇതിന് എതിരല്ല. മനുഷ്യന് ഇച്ഛാ സ്വാതന്ത്ര്യമില്ല എന്നും ഇതിനർഥമില്ല. മറിച്ച് അതുണ്ട്. പക്ഷേ, മനുഷ്യന്റെ ഉദ്ദേശങ്ങളും ആഗ്രഹങ്ങളുമൊക്കെ അല്ലാഹുവിന്റെ ഉദ്ദേശങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അല്ലാഹു പറയുന്നു:

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٢٩﴾

''ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല.'' (81:29)

സൂഫിയ്യാക്കളിൽ ചിലർ തെറ്റുകളെ ന്യായീകരിക്കാൻ വിധിയെ തെളിവാക്കാറുണ്ട്. കാരണം, അത് അല്ലാഹുവിന്റെ സൃഷ്ടിയാണെന്നിരിക്കെ അവൻ തൃപ്തിപ്പെടാത്തത് അവൻ എങ്ങനെ സൃഷ്ടിക്കും എന്നാണ് അവരുടെ ചോദ്യം. എന്നാൽ മനുഷ്യർ ചെയ്യാൻ അല്ലാഹു താൽപര്യപ്പെടാത്ത പലതും അല്ലാഹു ചിലപ്പോൾ സൃഷ്ടിച്ചേക്കുമെന്ന് വ്യക്തമാക്കുന്ന നിരവധി തെളിവുകളുണ്ട്. അല്ലാഹു പറയുന്നു:

ذَٰلِكَ بِأَنَّهُمُ ٱتَّبَعُوا۟ مَآ أَسْخَطَ ٱللَّهَ وَكَرِهُوا۟ رِضْوَٰنَهُۥ فَأَحْبَطَ أَعْمَٰلَهُمْ ﴿٢٨﴾

''അതെന്തുകൊണ്ടെന്നാൽ അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന കാര്യത്തെ അവർ പിന്തുടരുകയും, അവന്റെ പ്രീതി അവർ ഇഷ്ടപ്പെടാതിരിക്കുകയുമാണ് ചെയ്തത്. അതിനാൽ അവരുടെ കർമ്മങ്ങളെ അവൻ നിഷ്ഫലമാക്കികളഞ്ഞു.'' (47:28)

ഉപരിസൂചിത വാദഗതിക്കാരെ ഖണ്ഡിച്ചുകൊണ്ട് അല്ലാഹു പറഞ്ഞത് കാണുക.

سَيَقُولُ ٱلَّذِينَ أَشْرَكُوا۟ لَوْ شَآءَ ٱللَّهُ مَآ أَشْرَكْنَا وَلَآ ءَابَآؤُنَا وَلَا حَرَّمْنَا مِن شَىْءٍ ۚ كَذَٰلِكَ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ حَتَّىٰ ذَاقُوا۟ بَأْسَنَا ۗ قُلْ هَلْ عِندَكُم مِّنْ عِلْمٍ فَتُخْرِجُوهُ لَنَآ ۖ إِن تَتَّبِعُونَ إِلَّا ٱلظَّنَّ وَإِنْ أَنتُمْ إِلَّا تَخْرُصُونَ ﴿١٤٨﴾ قُلْ فَلِلَّهِ ٱلْحُجَّةُ ٱلْبَٰلِغَةُ ۖ فَلَوْ شَآءَ لَهَدَىٰكُمْ أَجْمَعِينَ ﴿١٤٩﴾

'ആ ബഹുദൈവാരാധകർ പറഞ്ഞേക്കും: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ, ഞങ്ങളുടെ പിതാക്കളോ (അല്ലാഹുവോട്) പങ്കുചേർക്കുമായിരുന്നില്ല; ഞങ്ങൾ യാതൊന്നും നിഷിദ്ധ മാക്കുമായിരുന്നുമില്ല എന്ന്. ഇതേ പ്രകാരം അവരുടെ മുൻഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കുന്നത് വരെ നിഷേധിച്ചു കളയുകയുണ്ടായി. പറയുക: നിങ്ങളുടെ പക്കൽ വല്ല വിവരവുമുണ്ടോ? എങ്കിൽ ഞങ്ങൾക്ക് നിങ്ങൾ അതൊന്ന് വെളിപ്പെടുത്തിത്തരൂ. ഊഹത്തെ മാത്രമാണ് നിങ്ങൾ പിന്തുടരുന്നത്. നിങ്ങൾ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്. പറയുക: ആകയാൽ അല്ലാഹുവിനാണ് മികച്ച തെളിവുള്ളത്. അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ മുഴുവൻ അവൻ നേർവഴിയിലാക്കുക തന്നെ ചെയ്യുമായിരുന്നു.'' (6:148,149)

അതിനാൽ ഒരാൾക്കും തന്നെ അല്ലാഹു ദൂതന്മാരെ അയച്ച് കാര്യങ്ങൾ വ്യക്തമാക്കിത്തരികയും നന്മ പ്രവർത്തിക്കാൻ സാധ്യമാക്കുകയും ചെയ്തശേഷം 'ഖളാ–ഖദ്റി'നെ (വിധിയെ) തെളിവാക്കാൻ പാടുള്ളതല്ല. അല്ലാഹു പറയുന്നു:

رُّسُلًا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى ٱللَّهِ حُجَّةٌۢ بَعْدَ ٱلرُّسُلِ ۚ وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿١٦٥﴾

''സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാ തിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.'' (4:165)

ജോലിയും ചികിൽസയും പോലുള്ള കാര്യകാരണ ബന്ധങ്ങളെ ഉപേക്ഷിക്കലായി തവക്കുലിനെ അധിക സൂഫിയ്യാക്കളും വിശദീകരിച്ചിട്ടുണ്ട്. എന്നിട്ട് അത് അവരെ യാചനയിലേക്ക് നയിച്ചു. എന്നാൽ അതാകട്ടെ കാര്യകാരണ ബന്ധങ്ങളിലെ ഏറ്റവും നിന്ദ്യമായ ഒന്നാണ് താനും! മാത്രമല്ല കാര്യകാരണ ബന്ധങ്ങൾ സ്വീകരിക്കുവാനും കർമങ്ങൾ ചെയ്യുവാനും പ്രേരിപ്പിക്കുന്ന നിരവധി സൂക്തങ്ങൾക്ക് എതിരുമാണത്. അല്ലാഹു പറയുന്നു:

هُوَ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ ذَلُولًا فَٱمْشُوا۟ فِى مَنَاكِبِهَا وَكُلُوا۟ مِن رِّزْقِهِۦ ۖ وَإِلَيْهِ ٱلنُّشُورُ

''അവനാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വിധേയമാക്കി തന്നവൻ. അതിനാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടക്കുകയും അവന്റെ ഉപജീവനത്തിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തു കൊള്ളുക. അവങ്കലേക്ക് തന്നെയാണ് ഉയിർത്തെഴുന്നേൽപ്..'' (67:15)

നബി(ﷺ) പറയുന്നു:

**لأَنْ يحتطب أحدكم حزمةً على ظهره خير له من أنْ يسألَ أحدا فيعطيه أو يمنعه**

''നിങ്ങളിലൊരാൾ ഒരു കെട്ട് വിറക് ശേഖരിച്ച് (ഉപജീവനം തേടലാണ്) ആളുകളോട് യാചിക്കുന്നതിനേക്കാൾ അവന് ഉത്തമം. അവർ അവന് നൽകട്ടെ, അല്ലെങ്കിൽ നൽകാതിരിക്കട്ടെ''. (ബുഖാരി)

അതുകൊണ്ടുതന്നെ അമ്പിയാക്കന്മാർ ജോലി ചെയ്ത് ജീവിക്കുന്നവരായിരുന്നു. സ്വഹാബത്തിന്റെ ഐക്യകൺഠേനയുള്ള നിലപാടും അതുതന്നെയാണ്.